## അദ്ധ്യായം ഇരുപത്തിഒന്ന്

# ക്രിസ്തീയ കുടുംബം

**(The Christian Family)**

കുടുംബം ദൈവത്തിന്റെ മഹത്തായ ആശയമാണ്. കുടുംബത്തെ നിലനിർത്താനും കുടുംബത്തെ തകർക്കുന്ന പ്രതികൂലങ്ങളെ കത്തൊനുമുള്ള ഉൾക്കാഴ്ച ദൈവം മനുഷ്യന് നൽകിയിട്ട്. കുടുംബാംഗങ്ങൾ പാലിക്കേ നിർദ്ദേശങ്ങളും കുടുംബത്തിന്റെ ഘടനയെക്കുറിച്ചുള്ള ചില പ്രമാണങ്ങളും ദൈവം തന്റെ വചനത്തിലൂടെ മനുഷ്യന് നൽകിയിട്ട്. ഈ പ്രമാണങ്ങളും നിർദ്ദേശങ്ങളും പൂർണ്ണമായി പാലിച്ചാൽ ദൈവം കുടുംബത്തിന് വാഗ്ദാനം ചെയ്തിട്ടുള്ള എല്ലാ അനുഗ്രഹങ്ങളും അനുഭവിക്കാൻ കഴിയും. ഈ നിയമങ്ങളിൽനിന്ന് വ്യതിചലിച്ചാൽ ബന്ധങ്ങൾ തകരും, കുടുംബം ശിഥിലീകരിക്കപ്പെടും.

## ഭാര്യാഭർത്താക്കന്മാരുടെ പങ്ക്

**(The Role of Husband and Wife)**

ക്രിസ്തീയ കുടുംബത്തിന് ദൈവം ഒരു പ്രത്യേക ഘടന വച്ചിട്ട്. ഈ ഘടനയ്ക്കുള്ളിൽ കുടുംബ ബന്ധങ്ങൾ ഭദ്രമാണ്. ഈ ഘടനയെ തകർക്കാനാണ് സാത്താൻ നിരന്തരമായി പ്രവർത്തിച്ചുകൊിരിക്കുന്നത്.

ഒന്നാമതായി, ദൈവീകകല്പനപ്രകാരം ഭർത്താവാണ് കുടുംബനാഥൻ, കുടുംബനാഥന്റെ ഈ അവകാശം കുടുംബാംഗങ്ങളുടെ മേൽ ആധിപത്യം സ്ഥാപിക്കുവാനുള്ള അധികാരമല്ല. കുടുംബാംഗങ്ങളെ സ്നേഹിക്കാനും സംരക്ഷിക്കാനും, പരിപാലിക്കാനും ദൈവം കുടുംബനാഥനെ ചുമതലപ്പെടുത്തിയിരിക്കുന്നു. ഭാര്യ ഭർത്താവിന് കീഴടങ്ങിയിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. തിരുവചനം പറയുന്നു.

> ഭാര്യമാരെ, കർത്താവിന് എന്നപോലെ സ്വന്തഭർത്താക്കന്മാർക്ക് കീഴടങ്ങുവിൻ. ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭയ്ക്ക് തലയാകുന്നതുപോലെ, ഭർത്താവ് ഭാര്യക്ക് തലയാകുന്നു. എന്നാൽ സഭ ക്രിസ്തുവിന് കീഴടങ്ങിയിരിക്കുന്നതുപോലെ ഭാര്യമാരും ഭർത്താക്കന്മാർക്ക് സകലത്തിലും കീഴടങ്ങിയിരിക്കണം (എഫേ 5:22-24).

ഭർത്താവ് ആത്മികമായി ഭാര്യയുടെ തലയല്ല, ക്രിസ്തുവാണ് തല. ക്രിസ്തുവാം സഭയുടെ തുല്യാവകാശികളായ അംഗങ്ങളാണ് ഭാര്യയും ഭർത്താവും. ക്രിസ്തുവാണ് സഭയുടെ തല. അതുപോലെ ക്രിസ്തീയകുടും

ബത്തിന്റെ തല ഭർത്താവാണ്. അതുകൊ് ഭാര്യയും മക്കളും കുടുംബനാഥന് ദൈവം അനുവദിച്ചുകൊടുത്തിട്ടുള്ള അധികാരത്തിന് കീഴ്പ്പെട്ടിരിക്കണം.

ഭാര്യ, ഭർത്താവിന് എത്രത്തോളം കീഴ്പ്പെട്ടിരിക്കണം? ഭാര്യ സകലത്തിലും തന്റെ ഭർത്താവിന് കീഴ്പ്പെട്ടിരിക്കണമെന്ന് പൗലോസ് പറയുന്നു. മനസാക്ഷിയെ വഞ്ചിക്കുന്നതോ, ദൈവവചനത്തെ ധിക്കരിക്കുന്നതോ ആയ പ്രവർത്തികളിൽ ഏർപ്പെടുന്നതിന് ഭർത്താവ് ഭാര്യയെ പ്രേരിപ്പിക്കുന്നതോ ആയ സന്ദർഭങ്ങളിൽ ഒഴികെ എപ്പോഴും ഭർത്താവിന് ഭാര്യസകലത്തിലും കീഴ്പ്പെട്ടിരിക്കണം.

ക്രിസ്തുവിൻ വിശ്വസിക്കുന്ന ഒരു ഭർത്താവും ഭാര്യയോട് ദൈവവചനത്തിന് വിരുദ്ധമായി ജീവിക്കുവാനോ, സ്വന്തം മനസാക്ഷിവിലക്കുന്ന കാര്യങ്ങൾ ചെയ്യുവാനോ നിർബന്ധിക്കുകയില്ല. ഭർത്താവ് ഒരിക്കലും ഭാര്യയുടെ കർത്താവ് അല്ല. ആ സ്ഥാനം ക്രിസ്തുവിന് മാത്രമാണുള്ളത്. ആധികാരികമായി അവൾ ആരെ തിരഞ്ഞെടുക്കണമെന്നു വന്നാൽ ക്രിസ്തുവിനെ എന്നാണ് ഉത്തരം.

ദൈവം എപ്പോഴും തന്റെ ഭാഗത്താണ് എന്ന തെറ്റായ ചിന്ത ഭർത്താവ് ഉപേക്ഷിക്കണം. ഒരിക്കൽ അബ്രഹാമിനോട് തന്റെ ഭാര്യയായ സാറാ പറഞ്ഞതുപോലെ പ്രവർത്തിക്കുവാൻ ദൈവം കല്പിച്ചതായി നാം വേദപുസ്തകത്തിൽ വായിക്കുന്നു (ഉല്പ 21:10–12). അതുപോലെ അബിഗയിൽ തന്റെ ഭോഷനായ ഭർത്താവ് നബാലിനെ അനുസരിക്കാതിരുന്നതുമൂലം ഒരു വൻദുരന്തം ഒഴിവായത് നാം ശമുവേലിന്റെ പുസ്തകത്തിൽ വായിക്കുന്നു (1 ശമു. 25.2–38).

## ഭർത്താക്കന്മാരോടുള്ള ദൈവത്തിന്റെ ഉപദേശം
## (God's Word to Husbands)

ഭർത്താക്കന്മാരോടു ദൈവം പറയുന്നു:

> ഭർത്താക്കന്മാരെ, ക്രിസ്തുവും സഭയെ സ്നേഹിച്ചതുപോലെ, നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ. അവ്വണ്ണം ഭർത്താക്കന്മാരും തങ്ങളുടെ ഭാര്യമാരെ സ്വന്തശരീരങ്ങളെപ്പോലെ സ്നേഹിക്കേതാകുന്നു. ഭാര്യയെ സ്നേഹിക്കുന്നവൻ തന്നെത്താൻ സ്നേഹിക്കുന്നു, ആരും തന്റെ ജഡത്തെ ഒരുനാളും പകച്ചിട്ടില്ലല്ലോ. ക്രിസ്തുവും സഭയെ ചെയ്യുന്നതുപോലെ അതിനെ പോറ്റിപുലർത്തുകയത്രേ ചെയ്യുന്നത്...എന്നാൽ നിങ്ങളും അങ്ങനെതന്നെ ഓരോരുത്തനും അവനവന്റെ ഭാര്യയെ തന്നെപ്പോലെ സ്നേഹിക്കണം. ഭാര്യയോ ഭർത്താവിനെ ബഹുമാനിക്കേതാകുന്നു. (എഫേ 5:25, 28–30, 33).

ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ ഭർത്താവ് ഭാര്യയെ സ്നേഹിക്കണം. അതൊരു ചെറിയ ഉത്തരവാദിത്വമല്ല! ക്രിസ്തുസഭയ്ക്ക്വേി തന്റെ ജീവനെ അർപ്പിച്ചു. ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ

ഭർത്താവ് *ഭാര്യയെ സ്നേഹിച്ചാൽ അവൾ തീർച്ചയായും അവന് കീഴ്പ്പെട്ടിരിക്കും.* അതുകൊ് ക്രിസ്തു തന്റെ ശരീരമാകുന്ന സഭയെ എപ്രകാരം സ്നേഹിച്ചുവോ അപ്രകാരം ഭാര്യയെ ഭർത്താവും സ്നേഹിക്കണം (എഫേ 5:31). ക്രിസ്തുവിനെ വിശ്വസിക്കുന്ന ഭർത്താവ് തന്റെ ഭാര്യയെ സ്നേഹിക്കുകയും, കരുതുകയും, പ്രോത്സാഹിപ്പിക്കുകയും, അവളോടൊപ്പം വസിക്കുകയും വേണം. ഭാര്യയെ സ്നേഹി-ക്കുക എന്ന മഹത്തായ ഉത്തവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുനിന്നാൽ തന്റെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുകയില്ലാ എന്ന ഒരു വലിയ വിപത്ത് താൻ ക്ഷണിച്ചുവരുത്തുകയായിരിക്കും ചെയ്യുന്നത്.

> അങ്ങനെതന്നെ ഭർത്താക്കന്മാരെ, നിങ്ങളുടെ പ്രാർത്ഥനയ്ക്ക് മുടക്കം വരാതിരിക്കേതിന്, *വിവേകത്തോടെ ഭാര്യമാരുടെ കൂടെ വസിച്ച്, സ്ത്രീജനം ബലഹീനപാത്രം എന്നും അവർ ജീവന്റെ കൃപയ്ക്കു കൂട്ടവകാശികൾ എന്നും ഓർത്തു അവർക്കു ബഹുമാനം കൊടുപ്പിൻ* (1 പത്രോ 3:7)

വിവാദവും, വിയോജിപ്പും ഇല്ലാത്ത ഒരു വിവാഹം ഈ ലോകത്ത് നടന്നിട്ടില്ല. എന്നാൽ പരസ്പര പ്രതിബദ്ധതയാലും, പരിശുദ്ധാത്മാവിന്റെ ഫലത്താലും, ഈ പ്രതികൂലങ്ങളെ തരണം ചെയ്ത് ആകുലം ഇല്ലാതെ ആമോദത്തോടെ വിവാഹജീവിതത്തിന്റെ അനുഗ്രഹങ്ങളെ പ്രാപിക്കാൻ കഴിയും. പ്രശ്നങ്ങളെ സധൈര്യം അഭിമുഖീകരിച്ച് ക്രിസ്തുവുമായുള്ള ഏകഭാവത്തിലൂടെ ദിനംപ്രതി പക്വത ആർജ്ജിക്കുവാൻ ദമ്പതിമാർക്കു കഴിയും.

ഭാര്യാഭർത്താക്കന്മാരുടെ ചുമതലകളെക്കുറിച്ചുള്ള കൂടുതൽ പഠനത്തിന് ഉല്പത്തി 2:15-25. സദൃ 19:13, 21:9, 19; 27:15-16, 31: 10:31, 1 കൊരി 11:3, 13:1-8, കൊലോ 3: 18-19, 1 തിമോ 3:4-5, തിത്തോ 2:3-5, 1 പത്രോ 3:1-7.

## ലൈംഗികത വിവാഹത്തിൽ
## (Sex in Marriage)

മനുഷ്യന്റെ ആനന്ദത്തിനും വംശവർദ്ധനവിനുംവേ ദൈവം അനുവദിച്ചതാണ് ലൈംഗികത. വിവാഹമെന്ന ഉടമ്പടിയിലൂടെ ഒന്നിപ്പിക്കപ്പെട്ടവർ തമ്മിൽ മാത്രമേ ശാരീരിക ബന്ധത്തിൽ ഏർപ്പെടാൻ പാടുള്ളു എന്ന് വേദപുസ്തകം വ്യക്തമായി അനുശാസിക്കുന്നു.

വിവാഹബന്ധത്തിന് പുറത്തു നടക്കുന്ന എല്ലാ ശാരീരിക ബന്ധങ്ങളും വിവാഹേതരബന്ധം അല്ലെങ്കിൽ വ്യഭിചാരം എന്ന ഗണത്തിൽപെടുത്താവുന്നതാണ്. ഇത്തരക്കാർ സ്വർഗ്ഗരാജ്യം അവകാശമാക്കുകയില്ലായെന്ന് അപ്പോസ്തലനായ പൗലോസ് പ്രസ്താവിക്കുന്നു (1 കൊരി 6:9-11). രക്ഷിക്കപ്പെട്ടവ്യക്തി ഏതെങ്കിലും വ്യഭിചാരകർമ്മത്തിൽ ഏർപ്പെട്ടാൽ അയാൾക്ക് വലിയകുറ്റബോധം തോന്നുകയും അതു അയാളെ അനുതാപത്തിലേക്കു നയിക്കുകയും അയാൾ തീർച്ചയായും അനുതപിക്കുകയും ചെയ്യും.

ഭാര്യാഭർത്താക്കന്മാരുടെ ലൈംഗിക ഉത്തവാദിത്വത്തെക്കുറിച്ച് പ ൗലോസ് വ്യക്തമായ ചില നിർദ്ദേശങ്ങൾ നൽകുന്നു:

> എങ്കിലും ദുർന്നടപ്പു നിമിത്തം ഓരോരുത്തന്നു സ്വന്തഭാര്യയും ഓരോ രുത്തിക്ക് സ്വന്തഭർത്താവും ഉായിരിക്കട്ടെ. ഭർത്താവ് ഭാര്യക്കും ഭാര്യ ഭർത്താവിനും കടം പെട്ടിരിക്കുന്നതു ചെയ്യട്ടെ. ഭാര്യയുടെ ശരീരത്തി ന്മേൽ അവൾക്കല്ല ഭർത്താവിന്നത്രേ അധികാരമുള്ളതു; അങ്ങനെ ഭർത്താവിന്റെ ശരീരത്തിന്മേൽ അവനല്ല ഭാര്യക്കത്രെ അധികാരം. പ്രാർത്ഥനെക്കു അവസരമാകുവാൻ ഒരു സമയത്തേക്കു പരസ്പരസ മ്മതത്തോടെ അല്ലാതെ തമ്മിൽ വേർപെട്ടിരിക്കരുത്. നിങ്ങളുടെ അജി തേന്ദ്രിയത്വം നിമിത്തം സാത്താൻ നിങ്ങളെ പരീക്ഷിക്കാതിരിക്കേ തിന്നു വീും ചേർന്നിരിപ്പിൻ (1 കൊരി 7:2–5).

ശാരീരിക ബന്ധം ഭാര്യാഭർത്താക്കന്മാർ പരസ്പരം പങ്കുവെയ്ക്കുന്ന പാരിതോഷികമല്ലാ, കാരണം ഇരുവർക്കും അവരവരുടെ ശരീരത്തിന്മേൽ സ്വ ന്തമായി അവകാശമില്ല.

വിവാഹത്തന്റെ ഉടമ്പടിക്കുള്ളിൽ ഒതുങ്ങി നില്ക്കുന്നിടത്തോളം കാലം ശാരീരിക ബന്ധം അശുദ്ധമോ, പാപമോ അല്ല. അത് ദൈവത്തിന്റെ ദാനമാണ്. അപ്പോസ്തലനായ പൗലോസ് ദമ്പതികളെ ശാരീരികബന്ധത്തി ലേർപ്പെടാൻ പ്രോത്സാഹിപ്പിക്കുന്നതായി കാണാം. സദൃശ്യവാക്യത്തിൽ നാം ഇങ്ങനെ വായിക്കുന്നു.

> നിന്റെ ഉറവ് അനുഗ്രഹിക്കപ്പെട്ടിരിക്കട്ടെ നിന്റെ യൗവ്വനത്തിലെ ഭാര്യ യിൽ സന്തോഷിച്ചുകൊൾക. കൗതുകമുള്ള പേടമാനും, മനോഹര മായ ഇളമാൻ പേടയും പോലെ അവളുടെ സ്തനങ്ങൾ എല്ലാകാ ലത്തും നിന്നെ രമിപ്പിക്കട്ടെ[62] (സദൃ 5:18–19).

സ്ത്രീയുടേയും പുരുഷന്റേയും ലൈംഗികസ്വഭാവം തികച്ചും വ്യത്യ സ്തമാണെന്ന് ക്രൈസ്തവ ദമ്പതികൾ അറിഞ്ഞിരിക്കണം. പുരുഷന്റെ ലൈംഗികഭാവം ശാരീരികമാണ്. എന്നാൽ സ്ത്രീയുടേത് വൈകാരികമാണ്. നോട്ടത്താൽ തന്നെ പുരുഷൻ ഉത്തേജിക്കപ്പെടുന്നു (മത്താ 5:28) എന്നാൽ സ്ത്രീ ബന്ധങ്ങളാലും സ്പർശനത്താലും ഉത്തേജിക്കപ്പെടുന്നു (1 കൊരി 7:1). സ്ത്രീയുടെ നോട്ടത്താൽ പുരുഷൻ ആകർഷിക്കപ്പെടും, എന്നാൽ സ്ത്രീയെ ആകർഷിക്കാൻ കായിക ഭാവത്തേക്കാൾ സ്വഭാവത്തിന്റെ സവിശേ ഷതകളാണാവശ്യം. വിവേകമതിയായ സ്ത്രീകൾ ഭർത്തക്കന്മാരെ സദാ സ ന്താഷിപ്പിക്കാൻ ശ്രമിക്കും. ബുദ്ധിമാന്മാരായ ഭർത്താക്കന്മാർ ദയകൊും പരി ലാളനം കൊും തങ്ങളുടെ ഇണയോടുപ്രേമം പ്രകടിപ്പിക്കും, തങ്ങൾക്കിഷ്ട മുള്ളപ്പോൾ പരിണയിക്കുവാനുള്ള ഒരു ഭോഗവസ്തുമായി ഭാര്യയെ കാണുക യില്ല.

---

62 . ദൈവം ലജ്ജാനാട്യം നടത്തുന്നില്ലായെന്നതിന് കൂടുതൽ വിവരങ്ങൾക്ക് ഉത്തമഗീതം 7:1–9, ലേവ്യ 18:1–23 ഭാഗങ്ങൾ നോക്കുക.

ശരീരത്തിൽ ബീജം ഉത്പാദിപ്പിക്കപ്പെടുന്നതിലുടെയാണ് പുരുഷനിൽ ലൈംഗിക ആസക്തി കൂടുന്നത്. എന്നാൽ സ്ത്രീകളിൽ ഇത് അവരുടെ ആർത്തവചക്രത്തെ ആശ്രയിച്ചിരിക്കുന്നു. മിനുട്ടുകൾ അഥവാ സെക്കുകൾക്കുള്ളിൽ പുരുഷന് ലൈംഗിക ഉത്തേജനം ഉാകും, എന്നാൽ സ്ത്രീകളിൽ ഇതിന് കൂടുതൽ സമയം വേിവരും. സെക്കന്റുകൾക്കുള്ളിൽ പുരുഷന്റെ ശരീരം ലൈംഗിക പ്രക്രിയയ്ക്ക് തയ്യാറാകും എന്നാൽ സ്ത്രീകൾക്ക് അരമണിക്കുർ സമയം വേിവരും. വിവേകികളായ ഭർത്താക്കന്മാർ ഭാര്യമാരെ പരിലാളനത്തിലുടെ രതിമൂർച്ചയിലേക്കു നയിക്കും. സ്ത്രീയുടെ ലൈംഗിക ഉത്തേജകജ-ന്യഭാഗങ്ങൾ ഏതെന്ന് ഒരുവൻ അറിഞ്ഞിരിക്കേണം, അറിയുകയില്ലായെങ്കിൽ അത് അവളോടുചോദിച്ചു മനസ്സിലാക്കാം. സ്ത്രീയുടെ രതിമൂർച്ച മനസ്സിലാക്കി അവൾ അർഹിക്കുന്ന ആനന്ദം ഉറപ്പുവരുത്തേത് ഭർത്താവിന്റെ കടമയാണ്.

ക്രൈസ്തവ ദമ്പതികൾ തങ്ങളുടെ ലൈംഗിക വ്യത്യാസങ്ങളെ തുറന്ന ചർച്ചയിലുടെ മനസ്സിലാക്കാൻ ശ്രമിക്കണം. ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ആശയവിനിമയം, കത്തെലുകൾ, പരിചയം, ലൈംഗികബന്ധം മുതലായവ അവരുടെ അനുഗ്രഹങ്ങളുടെ ആഴത്തെ വർദ്ധിപ്പിക്കും.

## ക്രൈസ്തവകുടുംബത്തിലെ കുട്ടികൾ
## (Children of a Christian Family)

ക്രൈസ്തവർ തങ്ങളുടെ കുഞ്ഞുകളെ അനുസരണത്തിൽ വളർത്തണം, മാതാപിതാക്കളെ അനുസരിക്കാൻ പഠിപ്പിക്കണം, തന്മുലം ദീർഘായുസ്സും, അനുഗ്രഹങ്ങളും അവർക്ക് ലഭിക്കും.

> മക്കളേ, നിങ്ങളുടെ അമ്മയപ്പന്മാരെ കർത്താവിൻ അനുസരിപ്പിൻ; അതു ന്യായമല്ലോ. നിനക്കു നന്മ ഉാകുവാനും നീ ഭൂമിയിൽ ദീർഘായുസ്സോടിരിപ്പാനും നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക. എന്നതു വാഗ്ദത്തത്തോടുകൂടിയ ആദ്യകല്പന ആകുന്നു (എഫേ 6:1 –3).

കുട്ടികളെ അനുസരണ അഭ്യസിപ്പിക്കാനുള്ള ചുമതല കുടുംബനാഥനാണ്.

> പിതാക്കന്മാരെ, നിങ്ങളുടെ മക്കളെ കോപിപ്പിക്കാതെ കർത്താവിന്റെ ബാലശിക്ഷയിലും, പഥ്യോപദേശത്തിലും പോറ്റി വളർത്തുവിൻ (എഫേ 6:4).

ഒരു പിതാവിന് പ്രധാനമയും രുചുമതലകളാനുള്ളത്, കുഞ്ഞുങ്ങളെ അച്ചടക്കത്തിലും പഥ്യോപദേശത്തിലും വളർത്തുക.

## അച്ചടക്കം കുട്ടിയിൽ
## (Child Discipline)

അച്ചടക്കമില്ലാത്ത കുട്ടികൾ മത്സരികളും സ്വാർത്ഥതയുള്ളവരുമാണ്. കുട്ടികൾ ഉപദേശം നിരസിക്കുമ്പോൾ മാതാപിതാക്കൾ തീർച്ചയായും അവരെ അനുസരിക്കാൻ പഠിപ്പിക്കണം. ശിശുസഹജമായ തെറ്റുകളോ, ഉത്തവാദിത്വരഹിതമായ ബാല്യചാപല്യങ്ങളോ, കുട്ടികൾ കാണിക്കുമ്പോൾ അവരെ ശിക്ഷിക്കരുത്. തെറ്റുകളും, ഉത്തവാദിത്വമില്ലാത്തപ്രവർത്തികളും കുട്ടികൾ ചെയ്താൽ അതിന്റെ പരിണിതഫലം അനുഭവിക്കാനുള്ള അവസരം കുട്ടികൾക്ക് അനുവദിക്കണം. ഇങ്ങനെ ചെയ്യുന്നതിലൂടെ കുട്ടികൾ അവരുടെ ഭാവിജീവിതത്തിലെ പൊള്ളുന്ന പ്രതികൂലങ്ങളെ നേരിടുവാൻ പ്രാപ്തരാകും.

കുട്ടികൾ തെറ്റു ചെയ്യുമ്പോൾ അവരെ വചനം അനുശാസിക്കുന്നതു പോലെ മാതൃകാപരമായി ശിക്ഷിക്കണം. അതായത് കൈത്തലംകൊ് മൃദുവായി തല്ലണം. ശിശുക്കളെ കൈകൊുപോലും തല്ലരുത്. കുട്ടികളെ അവർക്കു തോന്നിയ വഴിയിൽ വിട്ടേക്കണമെന്നല്ല ഇതിന്റെ അർത്ഥം. കുട്ടികളുടെ ചുമതല മാതാപിതാക്കൾക്കാണെന്ന ബോധം അവരിൽ ജനനംമുതൽതന്നെ വളർത്തണം. അരുത് എന്ന വാക്കിന്റെ അർത്ഥം ഗ്രഹിക്കാൻ കുട്ടികൾക്ക് അവസരം നൽകണം. അരുതാത്തത് ചെയ്യുമ്പോൾ അതിൽനിന്നു പിന്തിരിപ്പിക്കാൻ ചന്തിയിൽ ചെറിയ തല്ലുകൾ കൊടുക്കുന്നത് നല്ലതാണ്. കുട്ടികളെ ചെറുപ്രായത്തിൽതന്നെ അനുസരണം പഠിപ്പിക്കാൻ ഇത് സഹായകരമാകും.

കുട്ടികൾ, അവർ ഉദ്ദേശിച്ച കാര്യം നേടാൻ വാശിപിടിച്ചുകരയാറു്. കുട്ടികളുടെ ഈ ദുശീലം തുടർന്നുപോകാൻ അവരെ അനുവദിക്കരുത്. തന്മൂലം മാതാപിതാക്കൾക്കു കുട്ടികളുടെ മേലുള്ള അധികാരത്തെ വെളിപ്പെടുത്താനും, കുട്ടികൾക്ക് അത് ബോദ്ധ്യപ്പെടാനും ഇടവരും. കുട്ടികൾ കരയുമ്പോൾ തന്നെ അവരുടെ ആവശ്യം സാധിച്ചുകൊടുക്കരുത്.

അങ്ങനെ ചെയ്താൽ കാര്യം സാധിച്ചുകിട്ടാനുള്ള ഒരുപാധിയായി അവർ കരച്ചിലിനെ ആശ്രയിക്കുകയും, കരച്ചിൽ അവരുടെ ജിവിതത്തിൽ ഒരു സ്വഭാവമായി രൂപപ്പെടുകയും ചെയ്യും. ആവശ്യങ്ങൾ സാധിച്ചുകിട്ടുവാൻ കുട്ടികൾ കരയുകയോ, അക്രമസ്വഭാവംകാണിക്കുകയോ ചെയ്യുമ്പോൾ കുട്ടികളുടെ ആവശ്യങ്ങൾക്ക് വഴങ്ങികൊടുക്കുന്ന രക്ഷിതാക്കൾ തീർച്ചയായും കുട്ടികളിൽ ദുസ്വഭാവത്തെ വളർത്താൻ പ്രോസ്താഹിപ്പിക്കുകയാണ്. കുട്ടികളുടെ നല്ല പെരുമാറ്റത്തിന് അവരെ പാരിതോഷികങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുകയും അനുമോദിക്കുകയും വേണം. ജ്ഞാനമുള്ള മാതാപിതാക്കൾ അങ്ങനെ ചെയ്യുന്നവരാണ്.

ചെറിയ ചൂരൽ പ്രയോഗം ശരീരത്തിന് ദോഷകരമല്ല, എന്നാൽ അല്പം വേദന ഉളവാക്കുന്നതാണ്. തന്മുലം കുട്ടി അല്പസമയം കരഞ്ഞെ

ന്നുവന്നേക്കാം. അനുസരണക്കേട് വേദനയെ ഉളവാക്കുമെന്ന് കുട്ടിക്ക് ബോദ്ധ്യമാകും. തിരുവചനം പറയുന്നു.

> വടി ഉപയോഗിക്കാത്തവൻ തന്റെ മകനെ പകെക്കുന്നു. അവനെ സ്നേഹിക്കുന്നവനോ, ചെറുപ്പത്തിലേ അവനെ ശിക്ഷിക്കുന്നു, ബാലന്റെ ഹൃദയത്തോടു ഭോഷത്വം പറ്റിയിരിക്കുന്നു; ശിക്ഷയ്ക്കുള്ള വടി അതിനെ അവനിൽനിന്ന് അകറ്റിക്കളയും, ബാലന് ശിക്ഷ കൊടുക്കാതിരിക്കരുത്, വടികൊടിച്ചാൽ അവൻ ചത്തുപോകയില്ല. വടികൊ് അവനെ അടിക്കുന്നതിനാൽ നീ അവന്റെ പ്രാണനെ പാതാളത്തിൽ നിന്നുവിടുവിക്കും. വടിയും ശാസനയും ജ്ഞാനത്തെ നൽകുന്നു, തന്നിഷ്ടത്തിനുവിട്ടിരുന്ന ബാലനോ അമ്മയ്ക്ക് ലജ്ജ വരുത്തുന്നു (സദൃ 13:24, 22:15, 23:13-14, 29:15).

ശാസനവെറുക്കുന്ന കുട്ടിയെ അനുസരിക്കാൻ ഭീഷണിപ്പെടുത്തരുത്. ധിക്കാരിയായി അനുസരണക്കേട് കാട്ടുന്ന കുട്ടിയെ വടികൊ് ശിക്ഷിക്കുകതന്നെവേണം. ഒരു പിതാവ് കുട്ടിയെ ശിക്ഷിക്കുമെന്ന് തുടർച്ചയായി പറയുകയും എന്നാൽ ശിക്ഷിക്കാതിരിക്കുകയും ചെയ്താൽ ആ കുട്ടിയിൽ അനുസരണമില്ലായ്മ ഇരട്ടി ശക്തിയിൽ വളരുകയേയുള്ളു. മാതാപിതാക്കളുടെ വാക്കുകൾ കൊുള്ള ഭീഷണി കുട്ടിയിൽ അനുസരണക്കേട് ഉളവാക്കുകയേയുള്ളു.

മാതൃകാപരമായ ശിക്ഷകൊടുത്ത ശേഷം കുട്ടികളെ വാത്സല്യത്തോടെ അണച്ച് ആശ്വസിപ്പിച്ച് മാതാപിതാക്കൾ തങ്ങളുടെ സ്നേഹത്തെ പ്രദർശിപ്പിക്കണം.

## ഒരു കുട്ടിയ്ക്ക് നൽകുന്ന പരിശീലനം
## (Train Up a Child)

കുട്ടികളെ പരിശീലിപ്പിക്കുന്നതിൽ മാതാപിതാക്കൾക്ക് ഒരു വലിയ പങ്ക്. വചനം പറയുന്നു: ബാലൻ നടക്കേുന്ന വഴി അവനെ അഭ്യസിപ്പിക്കുക, അവൻ വൃദ്ധനായാലും അത് വിട്ടുമാറുകയില്ല (സദൃ 22:6).

തെറ്റിന് ശിക്ഷ കൊടുക്കുക മാത്രമല്ല പ്രശംസനീയമായ പ്രവർത്തികൾ ചെയ്യുമ്പോൾ ആശംസയിലുടെയും പാരിതോഷികങ്ങലിലുടേയും കുട്ടികളെ അഭിനന്ദിക്കേത് മാതാപിതാക്കളുടെ ഉത്തവാദിത്വമാണ്. തങ്ങൾ സ്നേഹിക്കപ്പെടുകയും, അംഗീകരിക്കപ്പെടുകയും, വിലമതിക്കപ്പെടുകയും ചെയ്യുന്നു എന്ന ധാരണയും ഉറപ്പും കുട്ടികളിൽ ഉളവാക്കപ്പെടുന്നു. ആലിംഗനം, ചുംബനം, കുട്ടികളുടെ കൂടെ സമയം ചെലവഴിക്കൽ മുതലായവയിലുടെ മാതാപിതാക്കൾക്ക് തങ്ങളുടെ സ്നേഹത്തിന്റെ സന്ദേശം കുട്ടികളിൽ എത്തിക്കാവുന്നതാണ്.

പരിശീലിപ്പിക്കുക എന്നാൽ അനുസരിക്കാൻ പഠിപ്പിക്കുക എന്നുതന്നെയാണ്. ആരാധനയ്ക്ക് പോകുകയോ പോകാതിരിക്കുകയോ ചെയ്യട്ടെ,

ദിവസവും പ്രാർത്ഥിക്കുകയോ, പ്രാർത്ഥിക്കാതിരിക്കുകയോ ചെയ്യട്ടെ – ഇങ്ങനെകുട്ടികളെ വിട്ടുവീഴ്ചക്ക് വിടുവാൻ പാടില്ല. നല്ലതു തിരഞ്ഞെടുക്കാൻ കുട്ടികൾക്ക് പ്രാപ്തിയില്ല, അതിനാണ് ദൈവം അവർക്ക് മാതാപിതാക്കളെ നൽകിയിരിക്കുന്നത്. പരിശ്രമത്തിലൂടെയും അദ്ധ്വാനത്തിലൂടെയും കുട്ടികളെ നല്ല മാർഗ്ഗത്തിൽ മാതാപിതാക്കൾ വളർത്തണം. ബാലൻ നടക്കേണ്ടുന്നവഴി അവനെ അഭ്യസിപ്പിച്ചാൽ, വൃദ്ധനായാലും അത് അവനെ വിട്ടുമാറുകയില്ലായെന്ന നല്ല വാഗ്ദത്തം നമുക്ക് ദൈവം നൽകിയിരിക്കുന്നു (സദൃ 22:6).

കുട്ടികൾ വളരുന്നതനുസരിച്ച് അവർക്ക് ഉത്തവാദിത്വവും ഏല്പിച്ചു കോടുക്കണം. കുട്ടികളെ പക്വതയാർന്ന പരിപാലനത്തിന് പ്രാപ്തരാക്കുക എന്നതാണ് മാതാപിതാക്കളുടെ കർത്തവ്യം. കുട്ടികൾ വളരുന്നതനുസരിച്ച് അവരുടെ വളർച്ചയെ അംഗീകരിക്കുകയും സ്വയം തീരുമാനം എടുക്കാൻ അവർക്ക് സ്വാതന്ത്ര്യം കൊടുക്കുകയും വേണം. കൗമാരപ്രായക്കാരൻ സ്വതന്ത്രമായി തീരുമാനമെടുക്കാൻ പ്രാപ്തനായെന്നും അവന്റെ തീരുമാനത്തെ മാതാപിതാക്കൾ തകിടം മറിക്കുകയില്ല എന്നും വിശ്വസിക്കാനുള്ള ഒരു അവസരം കുട്ടിക്ക് ലഭിക്കണം.

## കുട്ടികളെ ഉപദേശിക്കാനുള്ള മാതാപിതാക്കളുടെ ഉത്തരവാദിത്വം (Parents' Responsibility to Instruct)

എഫേ 6:4 ൽ പറയുന്നതുപോലെ കുട്ടികളെ അച്ചടക്കത്തിലും പത്ഥ്യോപദേശത്തിലും, വളർത്തേത് മാതാപിതാക്കളുടെ ഉത്തരവാദിത്വമാണ്. വചനപ്രകാരമുള്ള ഉപദേശവും, ക്രൈസ്തവസ്വഭാവവും, വേദജ്ഞാനവും കുട്ടിയിൽ വളർത്തേ ചുമതല കുട്ടിയുടെ പിതാവിനാണ്,സഭയ്ക്കല്ല. ദൈവിക കാര്യങ്ങൾ കുട്ടികളെ പഠിപ്പിക്കേത് സൺഡേ സ്കൂൾ അദ്ധ്യാപകന്റെ ചുമതലയാണെന്നാണ്ചില മാതാപിതാക്കൾ ധരിച്ചിരിക്കുന്നത്. ഇതൊരു വലിയ തെറ്റിദ്ധാരണയാണ്. മോശയിലുടെ ദൈവം ഇസ്രയേൽ ജനത്തോട് അരുളി ചെയ്തു.

> ഇന്നു ഞാൻ നിന്നോടു കല്പിക്കുന്ന ഈ വചനങ്ങൾ നിന്റെ ഹൃദയത്തിൽ ഇരിക്കേണം. നീ അവയെ നിന്റെ മക്കൾക്ക് ഉപദേശിച്ചുകൊടുക്കുകയും നീ വീട്ടിൽ ഇരിക്കുമ്പോഴും, വഴിനടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേല്ക്കുമ്പോഴും അവയെക്കുറിച്ച് സംസാരിക്കുകയും വേണം (ആവ 6:6–7).

ദൈവം ആരാണെന്നും ദൈവം തങ്ങളെ എത്രമാത്രം സ്നേഹിക്കുന്നുവെന്നും ബാല്യത്തിൽതന്നെ കുഞ്ഞുങ്ങളെ മാതാപിതാക്കൾ പഠിപ്പിക്കണം. യേശുവിന്റെ ജനനം, ജീവിതം, മരണം, ഉയിർപ്പ് തുടങ്ങിയ കഥകൾ ബാല്യത്തിൽതന്നെ കുഞ്ഞുങ്ങളെ പഠിപ്പിക്കണം.ഇങ്ങനെ ചെയ്താൻ അഞ്ചോ ആറോ വയസ്സാകുമ്പോൾതന്നെ കുട്ടികൾക്ക് സുവിശേഷത്തിന്റെ സന്ദേശം മനസ്സിലാക്കാനും ദൈവവേലക്കായി സമർപ്പിക്കാനും കഴിയും (ആറ്, ഏഴുവയസ്സിൽ, അതായത് ചെറു പ്രായത്തിൽ തന്നെ) അന്യഭാഷാ അടയാ

ളത്തോടെ ചെറുപ്രായത്തിൽതന്നെ പരിശുദ്ധാത്മാഭിഷേകം പ്രാപിക്കുവാൻ കഴിയും. ഓരോ കുട്ടിയും വ്യത്യസ്തനാണ്. കല്ലിനെ പിളർക്കുന്ന ശാസന കൾ ഓരോ കുട്ടിയിലും അടിച്ചേൽപിക്കരുത്. കുട്ടികൾക്ക് ആത്മീക പരിശീ ലനം നൽകുക എന്നതാണ് മാതാപിതാക്കളുടെ പരമലക്ഷ്യം എന്ന വസ്തുത മാതാപിതാക്കൾ മറന്നു പോകരുത്.

## കുട്ടികളെ സ്നേഹിക്കാൻ പത്തു നിയമങ്ങൾ
## (Ten Rules for Loving Your Children)

**1) കുട്ടികളെ പ്രകോപിപ്പിക്കരുത് (എഫേ 6:4)**

കുട്ടികൾ മുതിർന്നവരേപ്പോലെ പെരുമാറണമെന്ന് ശഠിക്കരുത്. കുട്ടി കളുടെ കഴിവിനപ്പുറം അവരിൽനിന്നു പ്രതീക്ഷിക്കരുത്.

**2) നിങ്ങളുടെ കുട്ടികളെ മറ്റുകുട്ടികളുമായി താരതമ്യം ചെയ്യരുത്**

ദൈവം അവർക്കുനൽകിയിരിക്കുന്ന ഗുണവിശേഷങ്ങൾ നിങ്ങൾ വിലമതിക്കുന്നു എന്ന് അവർ അറിയാൻ ഇടനൽകുക.

**3) ഭവനത്തിന്റെ ഉത്തരവാദിത്വം അവർക്കു പങ്കുവയ്ക്കുന്നതിലൂടെ അവർ കുടുംബത്തിന്റെ ഒരു പ്രധാനകണ്ണിയാണെന്ന് മനസ്സിലാക്കും**

പ്രവർത്തിയുടെ പൂർത്തികരണം വ്യക്തിത്വ വികസനത്തിന്റെ അടി ത്തറയാണ്.

**4) കുട്ടികളുമായി സമയം ചിലവഴിക്കുക**

കുട്ടികൾ മാതാപിതാക്കൾക്ക് വിലമതിക്കാനാവാത്ത ധനമാണ്. കുട്ടി കളെ അറിയുക. നിങ്ങളെത്തന്നെ കുട്ടികൾക്കു നൽകുക. നിങ്ങൾക്കു പ കരം നിങ്ങൾ മാത്രം. ആരോടൊപ്പമാണോ കുട്ടികൾ കൂടുതൽ സമയം ചില വഴിക്കുന്നത് അവരുടെ സ്വാധീനം കുട്ടികളുടെമേൽ അധികം ഉായിരിക്കും.

**5) നിഷേധാത്മകമായ കാര്യങ്ങൾപോലും ഉത്തേജനപരമായ രീതിയിൽ സംസാരിക്കുക**

എന്റെ കുട്ടികൾ അനുസരണക്കേട് കാട്ടുമ്പോൾ പോലും അവർ മോശക്കാരാണെന്ന് ഞാൻ പറയാറില്ല. പകരം നീ നല്ലകുട്ടിയാണ്, നല്ല കുട്ടി കൾ നീ ഇപ്പോൾ ചെയ്തതുപോലെ ചീത്തകാര്യങ്ങൾ ചെയ്യുകയില്ല (കൂട്ട ത്തിൽ ശിക്ഷിക്കാനും മറക്കാറില്ല).

**6) അരുത് എന്ന വാക്കിന് ഞാൻ നിന്റെ കാര്യത്തിൽ ശ്രദ്ധയുള്ളവനാണ് എന്നാണ് അർത്ഥം എന്നറിയുക**

കുട്ടികൾ തന്നിഷ്ടപ്രകാരം നടക്കുമ്പോൾ നിങ്ങൾ അവരെ വിലക്കുന്നില്ലായെങ്കിൽ, നിങ്ങൾ അവരെ വേത്ര ശ്രദ്ധിക്കുന്നല്ലായെന്ന് സ്വാഭാവികമായും അവർക്കുതോന്നും.

**7) നിങ്ങളുടെ കുട്ടികൾ നിങ്ങളെ അനുകരിക്കണമെന്ന് ആഗ്രഹിക്കുക. കുട്ടികൾ മാതാപിതാക്കളെകാണ് പഠിക്കുന്നത്**

ഞാൻ ചെയ്യുന്നതുപോലെയല്ല, ഞാൻ പറയുന്നതുപോലെ ചെയ്യുക, എന്നു ബുദ്ധിയുള്ള ഒരു പിതാവും മക്കളോടുപറയുകയില്ല.

**8) കുട്ടികളെ അവരുടെ മുഴുവൻ പ്രശ്നങ്ങളിൽനിന്നും മോചിപ്പിക്കരുത്**

ജീവിതത്തിൽ തടഞ്ഞുവീഴാൻ സാദ്ധ്യതയുള്ളകല്ലുകൾ മാത്രം എടുത്തുമാറ്റുക. ചവിട്ടുപടിയായി ഉപയോഗിക്കപ്പെടേകല്ലുകൾ ഒഴിവാക്കരുത്.

**9) പൂർണ്ണഹൃദയത്തോടെ ദൈവത്തെ സേവിക്കുക**

ആത്മിക തീഷ്ണതയില്ലാത്ത മാതാപിതാക്കളുടെ മക്കൾ ആത്മിക ശുശ്രൂഷയിൽ തളർന്നു പിൻമാറിപ്പോകാറു്. രക്ഷിക്കപ്പെടാത്ത മാതാപിതാക്കളുടെ കുട്ടികളും, പൂർണ്ണസമർപ്പണമുള്ള മാതാപിതാക്കളുടെ കുട്ടികളും കൂടുപൊട്ടിച്ച് വെളിയിൽവന്ന് നന്നായി വേലയിൽ തുടരുന്നത് കിട്ടു്.

**10) കുട്ടികളെ ദൈവവചനം പഠിപ്പിക്കുക**

കുട്ടികളുടെ ഭൗതിക വിദ്യാഭ്യാസത്തിന് മുൻതൂക്കം കൊടുക്കുന്ന മാതാപിതാക്കൾ ദൈവവചനം പഠിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കാറില്ല. ഇതുവളരെ ഖേദകരമാണ്.

കർത്തൃശുശ്രൂഷയിൽ ബദ്ധശ്രദ്ധരായിരിക്കുന്നതുമൂലം പല ദൈവദാസന്മാരും വിവാഹത്തിനും കുടുംബത്തിനും വേ പരിഗണന കൊടുക്കുന്നില്ലായെന്നത് ഇന്ന് പരക്കെ കുവരുന്ന ഒരു പോരായ്മയാണ്. കർത്തൃസേവയ്ക്കുവേ അവരുടെ ജീവിതം പൂർണ്ണമായി സമർപ്പിക്കപ്പെട്ടിരിക്കുന്നു എന്ന് പറഞ്ഞ് കുടുംബജീവിതത്തെ അവഗണിക്കുകയാണ് ഇക്കൂട്ടർ ചെയ്യുന്നത്.

തിരുത്തപ്പെടേ ഒരു വലിയ തെറ്റാണിത്. ഒരു ദൈവദാസൻ തന്റെ ഭാര്യയോടും കുഞ്ഞുങ്ങളോടുമുള്ള ഉത്തരവാദിത്വത്തെക്കുറിച്ച് പൂർണ്ണബോധവാനായിരിക്കണം. ദൈവത്തോടുള്ള തന്റെ ശരിയായ അനുസരണയും സമർപ്പണവും തന്റെ കുടുംബത്തോടു താൻ നിർവ്വഹിക്കുന്ന ഉത്തരവാദിത്വത്തിന്റെ പ്രതിഫലനമാണ്. യേശു തന്റെ സഭയെ സ്നേഹിച്ചതുപോലെ ശുശ്രൂഷകൻ തന്റെ ഭാര്യയെ സ്നേഹിക്കണം. കുട്ടികളോടൊപ്പം സമയം ചിലവിട്ട് അവരെ ദൈവികസംരക്ഷണയിലും ഉപദേശത്തിലും വളർത്തണം.

കുടുംബത്തെ പരിപാലിക്കാത്ത ഒരു വ്യക്തിക്ക് താൻ കർത്താവിന്റെ കൂട്ടുവേലക്കാരനാണെന്ന് അവകാശപ്പെടാൻ ഒരു യോഗ്യതയുമില്ല.

ദൈവിക ശുശ്രൂഷയുടെ പേരിൽ ഒരു ശുശ്രൂഷകൻ ഭാര്യയേയും മക്കളേയും ഉപേക്ഷിച്ച് ശുശ്രൂഷചെയ്താൽ അത് ആത്മികശുശ്രൂഷയല്ല, തന്റെ ശക്തിയിൽ ചെയ്യുന്ന ഒരു ജഡിക ശുശ്രൂഷ അഥവാ ഒരു ശാരീരിക അധ്വാനം മാത്രമാണ്. സഭാ ശുശ്രൂഷകളുമായി ബന്ധപ്പെട്ട് സദാ ശുശ്രൂഷയിൽ വ്യാപൃതരായി വലിയ ഭാരം ചുമക്കുന്ന അനേക സുവിശേഷപ്രവർത്തകരുടെ ജീവിതം ഇതിന് തെളിവാണ്. അവരെ സംബന്ധിച്ചിടത്തോളം സഭാകാര്യങ്ങൾ മുടക്കം കൂടാതെ നടക്കണം എന്നേയുള്ളു.

യേശു പറഞ്ഞു: *എന്റെ നുകം മൃദുവും എന്റെ ചുമട് ലഘുവും ആകുന്നു* (മത്താ 11:30) കർത്താവുമായുള്ള ഏറിയ ഭക്തി വെളിവാക്കാൻ ഒരു ശുശ്രൂഷകൻ തന്റെ ഭാര്യയേയോ മക്കളേയോ അവഗണിച്ച് മുഴുവൻ സമയവും ദൈവിക ശുശ്രൂഷയുടെ പേരിൽ ചിലവഴിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നില്ല. സ്വന്തം കുടുംബത്തെ നന്നായി ഭരിക്കുന്നവനും, മക്കളെ പൂർണ്ണ ഗൗരവത്തോടെ അനുസരണത്തിൽ പാലിക്കുന്നവനും ആയിരിക്കേണം (1 തിമോ 3-4) സഭയുടെ അദ്ധ്യക്ഷസ്ഥാനം കാംക്ഷിക്കുന്ന ശുശ്രൂഷകൻ. സഭാദ്ധ്യക്ഷനെക്കുറിച്ച് ദൈവത്തിനുള്ള കാഴ്ചപ്പാട് ഇങ്ങനെയാണ്. കുടുംബബന്ധത്തിന്റെ കെട്ടുറപ്പാണ് ശുശ്രൂഷയുടെ അടിസ്ഥാനം.

സഞ്ചാര സുവിശേഷത്തിന് വിളിക്കപ്പെട്ട ശുശ്രൂഷകൻ സ്വഭവനത്തിൽ ആയിരിക്കുമ്പോൾ കുടുംബാംഗങ്ങളോടൊപ്പം കൂടുതൽ സമയം ചിലവഴിക്കുകയും കുടുംബകാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കുകയും വേണം. കൂട്ടുപ്രവർത്തകർ അത്തരം ഒരു സാഹചര്യം ഒരുക്കുന്ന കാര്യത്തിൽ വേസഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുകയും വേണം. സ്വന്തം കുട്ടികളാണ് തന്റെ ആദ്യശിഷ്യന്മാർ എന്ന് ശിഷ്യന്മാരെ വാർത്തെടുക്കാൻ പ്രവർത്തിക്കുന്ന ഒരു ശുശ്രൂഷകൻ വ്യക്തമായി അറിഞ്ഞിരിക്കണം. ആ ഉദ്യമത്തിൽ താൻ പരാജയപ്പെട്ടാൽ ശിഷ്യന്മാരെ വാർത്തെടുക്കുക എന്ന ശ്രമത്തിൽ തുടരുവാൻ ആ ശുശ്രൂഷകന് അവകാശമില്ല.